# കേരളസർവകലാശാല

നം.പി.ആർ.192/2022

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റിവച്ചു

കേരളസർവകലാശാല 2022 സെപ്റ്റംബർ 14 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ പി.ജി സംസ്കൃതം (ജനറൽ/സ്പെഷ്യൽ) പരീക്ഷകൾ മാത്രം മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്. അന്നേ ദിവസത്തെ മറ്റു പരീക്ഷ കൾക്കോ മറ്റു ദിവസങ്ങളിലെ പരീക്ഷകൾക്കോ മാറ്റമില്ല.

### ഒന്നാം വർഷ ബിരുദ പ്രവേശനം 2022 1st സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. കോളേജ് പ്രവേശനം സെപ്റ്റംബർ 14, 15 തീയതികളിൽ

കേരളസർവകലാശാല ഒന്നാംവർഷ ബിരുദ പ്രവേശനത്തിനായുള്ള 1st സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥിയുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി ഫീസ് അടച്ച് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യുക. നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത് സപ്ലിമെന്ററി അലോട്ട്മെന്റ് ഓപ്ഷൻ നൽകിയവർ പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ പ്രൊഫൈലിൽ നിന്നും അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. സെപ്റ്റംബർ 14, 15 തീയതികളിലാണ് അഡ്മിഷൻ എടുക്കേണ്ടത്. കോളേജിൽ പോയി അഡ്മിഷൻ എടുക്കേണ്ട തീയതിയും സമയവും അലോട്ട്മെന്റ് മെമ്മോയിൽ നൽകിയിട്ടുണ്ട്. അലോട്ട്മെന്റ് ലഭിച്ചവർ മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് തന്നെ ആവശ്യമായ രേഖകളുടെ ഒറിജിനൽ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിതതീയതിയിലോ സമയത്തോ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ അതതു കോളേജിലെ പ്രിൻസിപ്പാളുമായി ബന്ധപ്പെടേണ്ടതാണ്.

നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത് സപ്ലിമെന്ററി അലോട്ട്മെന്റ് ഓപ്ഷൻ നൽകിയവർ പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ, നിലവിൽ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും ടി.സി.യും മറ്റു സർട്ടിഫിക്കറ്റുകളും വാങ്ങി പുതിയതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. അവർക്ക്, മുൻപ് എടുത്ത ഓപ്ഷനിൽ തുടരാൻ സാധിക്കുന്നതല്ല. സെപ്റ്റംബർ 15 –ന് മുൻപ് പുതിയ അലോട്ട്മെന്റിൽ അഡ്മിഷൻ നേടിയില്ലെങ്കിൽ അലോട്ട്മെന്റ് ക്യാൻസൽ ആകുന്നതും അലോട്ട്മെന്റ് നടപടിയിൽ നിന്നും പുറത്താകുന്നതുമാണെന്ന കാര്യം ശ്രദ്ധിക്കുക.

പുതിയതായി അലോട്ട്മെന്റ് ലഭിക്കുന്നവർ കോളേജിലെ നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും Permanent Admission എടുക്കേണ്ടതാണ്. എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസ്സൽ (including T.C.) കോളേജിൽ സമർപ്പിക്കേണ്ടതാണ്. Permanent അഡ്മിഷൻ എടുക്കുന്നതിന് വിദ്യാർത്ഥികൾ നേരിട്ട് കോളേജിൽ ഹാജരാകേണ്ടതാണ് എന്ന കാര്യം ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്: https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2022 ജൂലൈ മാസത്തിലെ മൂന്നാം സെമസ്റ്റർ ബി.വോക് ഫുഡ് പ്രോസസിംഗ് (359) ബി.വോക് ഫുഡ് പ്രോസസിംഗ് ആൻഡ് മാനേജ്മെൻറ് (356) കോഴ്സുകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2022 സെപ്റ്റംബർ 16 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

## ക്യാഷ് അവാർഡ്

2018–19, 2019–20 വർഷങ്ങളിലെ കേരള സർവകലാശാല യുവജനോത്സവങ്ങളിലും (കാര്യവട്ടം ക്യാമ്പസ് 2018–19 & ഗവൺമെന്റ് കോളേജ് കാര്യവട്ടം 2019–20), കേരളസർവകലാശാല നാടകോത്സവങ്ങളിലും (ടി.കെ.എം കോളേജ് ഓഫ് ആർട്സ് സയൻസ് കൊല്ലം & 2018–19 ബിഷപ്പ്മൂർ കോളേജ് മാവേലിക്കര 2019–20), സൗത്ത് സോൺ & നാഷണൽ ഇന്റർ യൂണിവേഴ്സിറ്റി യൂത്ത്ഫെസ്റ്റിവെലുകളിലും പങ്കെടുത്ത് വ്യക്തിഗത – ഗ്രൂപ്പ് ഇനങ്ങളിൽ ഒന്നും രണ്ടും സമ്മാനങ്ങൾ നേടിയവർക്കുള്ള ടാലന്റ് അവാർഡ്ദാനം (ക്യാഷ് അവാർഡ്) 2022 സെപ്റ്റംബർ 15–ാം തീയതി കേരള യൂണിവേഴ്സിറ്റി സെനറ്റ്ഹാളിൽ വച്ച് (പാളയം, തിരുവനന്തപുരം) ആദരണീയനായ വൈസ് ചാൻസലർ ഡോ. വി.പി. മഹാദേവൻപിള്ള നിർവഹിക്കുന്നു.

അർഹരായ വിദ്യാർത്ഥികൾ കോളേജ് ഐഡന്റിറ്റി കാർഡുമായി അന്നേദിവസം രാവിലെ 11 മണിക്ക് സെനറ്റ് ഹാളിൽ രജിസ്ട്രേഷനായി നേരിട്ട് എത്തിച്ചേരേണ്ടതും ക്യാഷ് അവാർഡുകൾ കൈപ്പറ്റേണ്ടതുമാണ്

തിരുവനന്തപുരം,
13.09.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity
website: www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**